"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ-എസ്. ഡി. ആർ. എഫ്. പാലക്കാട് ജില്ല- റോഡുകളുടെ പുനരുദ്ധാരണം - സുലൈമാൻപടി കക്കാട്ടിരി റോഡ് - ഭരണാനുമതി ഭേദഗതി ചെയ്ത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.67/2026/DMD    തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-
1. 27.03.2018 ലെ സ. ഉ. (കൈ) നം. 3/2018/ഡി. എം. ഡി
2. 27.03.2025 ലെ സ. ഉ. (സാധാ) നം. 183 / 2025 / ഡി.എം.ഡി
3. ശ്രീ. അബ്ദുൽ വഹാബ് പി. വി (നിലമ്പൂർ ) എം. എൽ. എ ബഹു. റവന്യൂ മന്ത്രിക്ക് സമർപ്പിച്ച 49 VIP/PT/2026 M(R&H ) നമ്പർ നിവേദനം

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ് മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് പഞ്ചായത്തിലുൾപ്പെട്ട സുലൈമാൻ പടി കക്കാട്ടിരി റോഡ് പ്രവൃത്തിക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ശ്രീ. അബ്ദുൽ വഹാബ് പി. വി എം. എൽ. എ യുടെ അഭ്യർത്ഥനയിന്മേൽ ടി പ്രവൃത്തിയുടെ പേര് റദ്ദ് ചെയ്ത് പകരം അതേ പഞ്ചായത്തിലെ പെരിങ്കന്നൂർ ശ്മശാനം റോഡ് പുനരുദ്ധാരണ പ്രവൃത്തിയ്ക്കായി മാറ്റി അനുവദിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2.പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാ കളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്. ഭരണാനുമതി കാലാവധിക്കകത്ത് പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്നും ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3.പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

 

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/09/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 05-02-2026 15:54:14

പകർപ്പ്:- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്